## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1140 30.09.2016-ലെ മറുപടിക്ക്

## കെ.ടി.ഡി.എഫ്.സി.യുമായുള്ള കെ.എസ്.ആർ.ടി.സി.യുടെ പണമിടപാട്

**ചോദ്യം**

ശ്രീ. ടി.എ.അഹമ്മദ് കബീർ

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.ടി.ഡി.എഫ്.സി.യുമായുള്ള പണമിടപാടുകളിൽ കെ.എസ്.ആർ.ടി.സി.ക്ക് ഇതുവരെയുണ്ടായിട്ടുള്ള ലാഭനഷ്ടങ്ങളുടെ വിശദ വിവരം വെളിപ്പെടുത്തുമോ; | (എ) | കണക്കാക്കിവരുന്നു. |
| (ബി) | ഇരു സ്ഥാപനങ്ങളും തമ്മിലുള്ള പണമിടപാടുകളുടെ പലിശനിരക്ക് എത്രയാണ്; പലിശനിരക്കു നിശ്ചയിക്കുന്നതിന്റെ മാനദണ്ഡമെന്തായിരുന്നു; കരാർ വ്യവസ്ഥയുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | നിലവിലെ ചാർട്ടേഡ് അക്കൗണ്ടന്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകിയതിന്റെ അടിസ്ഥാനത്തിൽ, വർഷംതോറുമുള്ള പലിശ നിരക്ക് അനുബന്ധം I ആയി ചേർക്കുന്നു.<br>പലിശ നിരക്ക് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം കെ.റ്റി.ഡി.എഫ്.സി.യുടെ കോസ്റ്റ് ഓഫ് ഫണ്ടാണ്. സർക്കാർ ഉത്തരവുകൾ പ്രകാരം നിലവിൽ പലിശ നിരക്ക് കോസ്റ്റ് ഓഫ് ഫണ്ടിന്റെ 0.5% അധികമായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്.<br>കെ.റ്റി.ഡി.എഫ്.സി കെ.എസ്.ആർ.ടി.സി.ക്ക് നൽകിയിട്ടുള്ള ദീർഘകാല വായ്പകളുടെ കരാർ വ്യവസ്ഥകൾ ഒരുപോലുള്ളവയാണ്. 01.07.2016-ൽ ലഭ്യമാക്കിയ ദീർഘകാല വായ്പയുടെ (70 കോടി രൂപ) കരാർ അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | ലോൺ അക്കൗണ്ട് റീവർക്ക് ചെയ്തു കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; ആയത് | (സി) | ലോൺ അക്കൗണ്ട് കെ.റ്റി.ഡി.എഫ്.സി റീവർക്ക് ചെയ്തു കഴിഞ്ഞു.<br>കെ.എസ്.ആർ.ടി.സി.യിൽ റീ കൺസിലേഷൻ പ്രക്രിയ സമയബന്ധിതമായി |

| | | | |
|---|---|---|---|
| | എന്നത്തേക്ക് പൂർത്തിയാവും എന്ന് അറിയിക്കാമോ; | | പൂർത്തീകരിക്കുവാനുള്ള ശ്രമം നടന്നു വരികയാണ്. |
| (ഡി) | കെ.ടി.ഡി.എഫ്.സി. ഈടാക്കിയ പലിശ കൂടുതലാണെന്ന അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തൽ സംബന്ധിച്ച് പരിശോധന പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ; എത്ര തുക അധികം നല്കിയെന്നാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ഡി) | അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തൽ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.